No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2020

## ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള രണ്ടാം ഘട്ട മോപ് അപ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2020-ലെ ബി.ഡി.എസ് കോഴ്സിന്റെ ഒന്നാംഘട്ട മോപ് അപ്പ് അലോട്ട്മെന്റിനുശേഷം വന്ന ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ രണ്ടാം ഘട്ട മോപ് അപ് കൗൺസിലിംഗിന്റെ അലോട്ട്മെന്റ് ഫലം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 31/12/2020 മുതൽ 02/01/2021 വൈകിട്ട് 3.00 മണി വരെ ഓപ്ഷൻ കൺഫർമേഷൻ നടത്തിയ വിദ്യാർത്ഥികളുടെ ഓപ്ഷനുകൾ പരിഗണിച്ചാണ് രണ്ടാം ഘട്ട മോപ്അപ്പ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. 31.12.2020ലെ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായാണ് രണ്ടാ ഘട്ട മോപ് അപ്പ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

രണ്ടാംഘട്ട മോപ്അപ് അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങളും അലോട്ട്മെന്റ് മെമ്മോയും വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടാം ഘട്ട മോപ് അപ് അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ തുക **04.01.2021 മുതൽ 07.01.2021 വൈകുന്നേരം 3.00 മണിക്കു മുമ്പായി ഓൺലൈൻ പേയ്മെന്റ്** മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** (പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.) മുഖാന്തിരമോ ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/ മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി–ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളും 20.06.2005 തീയതിയിലെ GO(Ms) No. 25/2005/SCSTDD, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ.ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസ് ഒടുക്കേണ്ടതില്ല. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ സ്വാശ്രയ ഡെന്റൽ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ഫീസ് അടയ്ക്കേണ്ടതും ഫീസിളവിന് അർഹരല്ലാതാകുന്നതുമാണ്.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അതാത് കോളേജുകളിൽ **07.01.2021 വൈകിട്ട് 3.00** മണിക്ക് മുമ്പ് ഹാജരായി പ്രവേശനം നേടേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റും, പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന രേഖകളും കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്. പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം **(OAMS)** മുഖേന **07.01.2021 വൈകുന്നേരം 4.00** മണിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്.

**കുറിപ്പ്:**

- രണ്ടാം ഘട്ട മോപ്പ് അപ് അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം നേടാത്ത വിദ്യാർത്ഥികളെയും മോപ്പ് അപ് അലോട്ട്മെന്റിലൂടെയോ മുൻ അലോട്ടുമെന്റിലൂടെയോ ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ട് സീറ്റ് നഷ്ടപ്പെടുത്തുന്ന വിദ്യാർത്ഥികളെയും തുടർന്നുള്ള ബി.ഡി.എസ് അലോട്ടുമെന്റ് നടപടികളിൽ നിന്ന് ഒഴിവാക്കപ്പെടുന്നതും അതോടൊപ്പം ലിക്വിഡേറ്റഡ് ഡാമേജസ്, KEAM - 2020 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 വ്യവസ്ഥ പ്രകാരം ബാധകമായിരിക്കുകയും ചെയ്യുന്നതാണ്.
- രണ്ടാംഘട്ട മോപ്പ് അപ് അലോട്ട്മെന്റിനു ശേഷവും പ്രസ്തുത കോഴ്സിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ സ്ട്രേ വേക്കൻസികളായി പരിഗണിച്ച് അതാത് കോളേജുകൾ നികത്തുന്നതാണ്. ഇതു സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
03. 01.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**